**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 413** **20-07-2022 - ൽ മറുപടിയ്ക്ക്**

**നവകേരളം കർമ്മ പദ്ധതി-2**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നവ കേരളം കർമ്മ പദ്ധതി-2 ന്റെ ഭാഗമായി പൊതു വിദ്യാഭ്യാസ മേഖലയിൽ സർക്കാർ ഉന്നമിടുന്ന നവീകരണ, ശാക്തീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ; | (എ) | **സംസ്ഥാനത്ത് നവകേരളം കർമ്മ പദ്ധതി-2 ന്റെ ഭാഗമായി പൊതു വിദ്യാഭ്യാസ മേഖലയിൽ സർക്കാർ ഉന്നമിടുന്ന നവീകരണ, ശാക്തീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.**<br><br>**ഭൗതികസൗകര്യ വികസനം**<br><br>**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്താൻ 141 സ്കൂളുകൾക്ക് 5 കോടി രൂപ വീതവും 386സ്കൂളുകൾക്ക് 3 കോടി രൂപ വീതവും 446 സ്കൂളുകൾക്ക് 1 കോടി രൂപ വീതവും കിഫ്ബി ധനസഹായം അനുവദിച്ചിരുന്നു. പ്ലാൻ ഫണ്ട്/ നബാർഡ് സ്കീം/ MLA/MPഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തി നിരവധി വിദ്യാലയങ്ങൾക്ക് ഭൗതികസൗകര്യ വികസനം സാധ്യമായിട്ടുണ്ട്. കൂടാതെ എയ്ഡഡ് വിദ്യാലയങ്ങൾക്കായി ചലഞ്ച് ഫണ്ടും നടപ്പാക്കി. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ വിദ്യാകിരണം മിഷനിലൂടെ ലക്ഷ്യം വയ്ക്കുന്നു.**<br><br>**സാങ്കേതിക വിദ്യാ സൗഹൃദം**<br><br>**8 മുതൽ 12 വരെ ക്ലാസ്സുകളുള്ള 4752 സ്കൂളുകളിലെ 45000 ക്ലാസ്സ് മുറികൾ ഹൈടെക്കാക്കി. ഇതിന്റെ ഭാഗമായി ബ്രോഡ്ബാന്റ് ശൃംഖലയും ഇന്ററാക്ടീവ് വീഡിയോ കോൺഫറൻസിംഗ് സംവിധാനവും ഏർപ്പെടുത്തി. 11272 പ്രൈമറി സ്കൂളുകളിൽ ഹൈടെക് വൽക്കരണത്തിന്റെ ഭാഗമായി ഹൈടെക് ലാബ് പദ്ധതി നടപ്പാക്കി. കൂടാതെ 'ഫസ്റ്റ്** |

ബെൽ' എന്ന പേരിൽ ഡിജിറ്റൽ ക്ലാസ്സുകൾ കൈറ്റ് വിക്ടേർസ് ചാനലിലൂടെ സംപ്രേക്ഷണം നടത്തി. സംവാദാത്മകമായ ക്ലാസ്സുകൾ നൽകുന്നതിനായി Google Indiaയുമായി ചേർന്ന് കൈറ്റ് ജി-സ്യൂട്ട് പ്ലാറ്റ്ഫോം സജ്ജമാക്കി. കൂടാതെ കൈറ്റ് വിക്ടേർസ് പ്ലസ് ചാനലിന്റെ സംപ്രേക്ഷണവും ആരംഭിച്ചു.

അക്കാദമിക പ്രവർത്തനങ്ങൾ

സ്കൂൾതല അക്കാദമിക മാസ്റ്റർ പ്ലാനുകൾ പുനർവായന നടത്തുന്നതിനുള്ള " അക്കാദമിക മാസ്റ്റർ പ്ലാൻ ഘട്ടം -2 ” മാർഗരേഖ എസ്.സി.ഇ.ആർ.ടി വികസിപ്പിച്ചു. മെന്ററിങ്ങിനുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോം കൈറ്റ് വികസിപ്പിച്ച് ട്രയൽ പ്രവർത്തനങ്ങൾ നടത്തി മെച്ചപ്പെടുത്തലുകൾ വരുത്തി. മെന്ററിങ് പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി അദ്ധ്യാപക പരിശീലനത്തിൽ ഇക്കാര്യം ഉൾപ്പെടുത്തുവാനും ഇതിനായി SCERT ഒരു കൈപ്പുസ്തകം തയ്യാറാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ഡിജിറ്റൽ ഉള്ളടക്കം വികസിപ്പിക്കുന്നതിന് വിവിധ വിഷയങ്ങളിൽ പ്രാവീണ്യം ഉള്ള അധ്യാപകരെ തെരഞ്ഞെടുത്ത് പരിശീലനം നൽകുന്ന പദ്ധതി എസ്.സി.ഇ.ആർ.റ്റിയുടെ നേതൃത്വത്തിൽ നടന്നു വരുന്നു.

ഗണിതപഠനം ആസ്വാദ്യകരമാക്കുന്നതിനും ഗണിതം ജനകീയവൽക്കരിക്കുന്നതിനും വേണ്ടി 'ഗണിതപ്പാർക്ക്', സംസ്ഥാനത്ത് തെരഞ്ഞെടുത്ത ജ്യോഗ്രഫി ഓപ്ഷണൽ വിഷയമായുള്ള സ്കൂളുകളിൽ 'സ്കൂൾ വെതർ സ്റ്റേഷൻ', എല്ലാ സ്കൂളുകളിലും 'ഇ-ലാംഗ്വേജ് ലാബുകൾ' സജ്ജമാക്കുന്ന പദ്ധതിയുടെ ആദ്യ ഘട്ടമായി 'ഇ-ക്യൂബ് ഇംഗ്ലീഷ് ലാംഗ്വേജ് ലാബ്", ടാലന്റ് ലാബിന്റെ പ്രവർത്തനങ്ങൾ, കുട്ടികളുടെ ഗവേഷണാത്മക അന്വേഷണാത്മക പഠനത്തിന് സഹായകമാകുന്ന ടിങ്കറിങ് ലാബുകളുടെ സജ്ജീകരണം തുടങ്ങിയ വിവിധങ്ങളായ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്കും പഠന പിന്നോക്കാവസ്ഥ അഭിമുഖീകരിക്കുന്ന SC/ST വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്കുമായി വ്യക്തിഗതമായി അക്കാദമിക പിന്തുണ നൽകുന്ന പ്രവർത്തനങ്ങളും കുട്ടികളിൽ വായനാശീലം വളർത്തുന്നതിനായി വായനയുടെ വസന്തം, വായനാ ചങ്ങാത്തം ഓരോ കുട്ടിയുടേയും വീട്ടിൽ ഹോം

| | | | |
|---|---|---|---|
| | | | **ലൈബ്രറി എന്നീ പരിപാടികളും നടപ്പിലാക്കി വരുന്നു.** |
| (ബി) | ഡിജിറ്റൽ സംസ്കാരത്തിന്റെ ആവിർഭാവം കുട്ടികളുടെ കായിക ക്ഷമതയിൽ ശോഷണം വരുത്തുന്ന പശ്ചാത്തലത്തിൽ സംസ്ഥാനത്തെ മുഴുവൻ കുട്ടികളുടെയും കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനുതകും വിധം കായിക വിദ്യാഭ്യാസ രംഗത്തെ മാറ്റുന്നതിനായി സമഗ്ര പരിപാടി തയ്യാറാക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | കോവിഡ് കാരണം ഉണ്ടായ അടച്ചിടലിലൂടെ കുട്ടികളുടെ പൊതുവായ ശാരീരിക ചലനത്തിന് തടസ്സം ഉണ്ടായ രണ്ട് അദ്ധ്യയന വർഷമാണ് കടന്നു പോയിട്ടുള്ളത്. കുട്ടികൾക്ക് പഠനവിടവ് സംഭവിച്ചിട്ടുള്ളതുപോലെ കായിക ക്ഷമതയിലും ആരോഗ്യത്തിലും കുറവ് സംഭവിച്ചിട്ടുണ്ട്. ഇതിലൂടെ നിരവധി മനോ-ശാരീരിക പ്രശ്നങ്ങൾ കുട്ടികൾക്ക് ഉണ്ടായിട്ടുണ്ട്. കൂടാതെ ഇതു പരിഹരിക്കുന്നതിനായി നിലവിലുള്ള ആരോഗ്യ കായിക വിദ്യാഭ്യാസ പഠന പ്രവർത്തനങ്ങൾ കൂടുതൽ ചിട്ടയായി ശാസ്ത്രീയമായി നൽകുന്നതിനുള്ള നിർദ്ദേശം കേരളത്തിലെ കായിക അദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്. ഇതിനായി പ്രത്യേക അദ്ധ്യാപക പരിശീലന പരിപാടി നടത്തിയിട്ടുണ്ട്. ഇതിലുപരി കായിക വകുപ്പിന്റെ നേതൃത്വത്തിൽ കായിക ക്ഷമതാ മിഷന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതോടു കൂടി എല്ലാ കുട്ടികളുടെയും കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ഇടപെടൽ കൂടുതൽ കാര്യക്ഷമമാകും. പ്രൈമറി ക്ലാസ്സുകളിലെ കുട്ടികളുടെ സമഗ്രമായ ആരോഗ്യകായിക പരിപോഷണത്തിനായി എസ്.സി.ഇ.ആർ.ടി വികസിപ്പിച്ച 'ഹെൽത്തി കിഡ്സ് ' എന്ന ഗവേഷണ പദ്ധതി നടപ്പിലാക്കുന്നതിന് കായികയുവജന കാര്യാലയത്തിന് കൈമാറിയിട്ടുണ്ട്. |
| (സി) | വിദ്യാർത്ഥികളുടെ സർഗ്ഗ വാസനകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനായി കൂടുതൽ ഫലപ്രദമായ പരിപാടികൾ ആസൂത്രണം ചെയ്യാൻ തയ്യാറാകുമോ; വിശദമാക്കാമോ? | (സി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കുട്ടികളുടെ സർഗ്ഗ വാസനകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിന് ഒരുക്കിയ സംവിധാനമാണ് 'ടാലന്റ് ലാബ് ' . ഇതിലൂടെ കുട്ടികളുടെ സർഗ്ഗാത്മകമായ കഴിവുകൾ തിരിച്ചറിഞ്ഞ് പിന്തുണ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഈ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കേണ്ടതുണ്ട്. വിവിധ സർഗ്ഗാത്മക മേഖലകളായ ചിത്ര-ശിൽപകല , സംഗീതം , നൃത്തം, നാടകം, സിനിമ തുടങ്ങിയവയിലെ അഭിരുചി കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് അലോചിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ